**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

# പത്രക്കുറിപ്പ്

## സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ കോളേജുകളിലെ പലിശ രഹിത നിക്ഷേപവും ബാങ്ക് ഗ്യാരണ്ടിയും സംബന്ധിച്ച്

സംസ്ഥാന സർക്കാരുമായി കരാറിൽ ഏർപ്പെട്ടിട്ടുള്ള മലപ്പുറം പെരിന്തൽമണ്ണ എം.ഇ.എസ് മെഡിക്കൽ കോളേജ്, കാരക്കോണം ഡോ. സോമർവെൽ മെമ്മോറിയൽ സി.എസ്.ഐ മെഡിക്കൽ കോളേജ് എന്നിവയിൽ കരാറിലെ വ്യവസ്ഥകൾ പ്രകാരം 35% മാനേജ്മെന്റ് സീറ്റുകളിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ ഫീസിനു പുറമെ 11 ലക്ഷം രൂപയുടെ തിരികെ ലഭിക്കുന്ന പലിശരഹിത നിക്ഷേപം നൽകാൻ ബാധ്യസ്ഥരാണ്. അതുപോലെ 15% എൻ.ആർ.ഐ സീറ്റിൽ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ എൻ.ആർ.ഐ സീറ്റിലെ ഫീസിനു പുറമെ 15 ലക്ഷം രൂപയുടെ തിരികെ ലഭിക്കുന്ന പലിശ രഹിത നിക്ഷേപവും നൽകാൻ ബാധ്യസ്ഥരാണ്. കൂടാതെ 35% മാനേജ്മെന്റ് ക്വാട്ടയിലോ 15% എൻ.ആർ.ഐ ക്വാട്ടയിലോ പ്രവേശനം നേടുന്ന വിദ്യാർത്ഥികൾ തുടർന്നുള്ള 4 വർഷത്തെ ഫീസ് തുകയ്ക്കുള്ള ബാങ്ക് ഗ്യാരണ്ടിയും (ഏതെങ്കിലും ദേശസാൽകൃത ബാങ്കിൽ നിന്നോ ഷെഡ്യൂൾഡ് ബാങ്കിൽ നിന്നോ ഉള്ളത്) നൽകാൻ ബാധ്യസ്ഥരാണ്.

ഈ കോളേജുകളുടെ പ്രവേശനവും ഫീസും സംബന്ധിച്ച സർക്കാർ ഉത്തരവ് www.cee.kerala.gov.in, www.cee-kerala.org എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാക്കിയിട്ടുള്ളത് വിദ്യാർത്ഥികൾ ശ്രദ്ധിക്കേണ്ടതാണ്.

തിരുവനന്തപുരം
11.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**